# ദർശനവാണി

## SOUVENIR
## 2017

DARSANA
CULTURAL
CENTRE



34TH
DARSANA
KOTTAYAM
INTERNATIONAL
BOOK FAIR

## EXHIBITORS DIRECTORY

# OUR PATRON



ചാവറയച്ചൻ




**THIRUVANCHOOR RADHAKRISHNAN**
(KOTTAYAM)
MEMBER
KERALA LEGISLATIVE ASSEMBLY
MANASA
KOTTAYAM SOUTH P. O.

PHONE :
OFFICE (KOTTAYAM) : 0481-2301919
OFFICE : 0471-2512290
MOBILE : 9447018116
CHANDRAGIRI BLOCK-103,
M. L. A. HOSTEL,
THIRUVANANTHAPURAM


CAMP............
DATE 13/11/2017

ബഹുമാനപ്പെട്ട ജസ്റ്റിൻ കാളിയാനിയിൽ അച്ചൻ,

ദർശന സാംസ്കാരിക കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ നടത്തുന്ന 34 – മത് പുസ്തകമേളയ്ക്ക് എല്ലാ വിജയങ്ങളും ആശംസിക്കുന്നു. ദർശനവാണിയുടെ പ്രവർത്തനം വളരെ തൃപ്തികരമായി മുന്നോട്ടുപോകുന്നതിൽ അഭിനന്ദിക്കുന്നു.

ദർശന സാംസ്കാരിക കേന്ദ്രം അക്ഷര നഗരിയുടെ സാംസ്കാരിക പൈതൃകത്തിൻറെ മുഖമുദ്രയാണ്. സാംസ്കാരിക ഔന്നിത്യത്തിലേയ്ക്ക് ഒരു സമൂഹത്തെ അടുപ്പിക്കുന്ന ചാലകശക്തിയായ ദർശനയ്ക്ക് ആശംസകൾ.

13.11.17

തിരുവഞ്ചൂർ രാധാകൃഷ്ണൻ



# Mahatma Gandhi University

Priyadarshini Hills P.O., Kottayam, Kerala, India – 686 560. Tel: 91-481-2731001. Fax: 91-481-2731002. E-mail:vc@mgu.ac.in
www.mgu.ac.in

DR. BABU SEBASTIAN
Vice-Chancellor

വി.സി.806/019/2017 6 നവംബർ 2017

## സന്ദേശം

'അക്ഷര നഗരി' എന്നതാണ് കോട്ടയത്തിന്റെ അപരനാമം. ഈ പേര് അന്വർത്ഥമാക്കുന്നതിൽ ദർശന സാംസ്കാരിക കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിപ്പോരുന്ന അന്താരാഷ്ട്ര പുസ്തക മേളയ്ക്കും അതിന്റേതായ പങ്കുണ്ട്. ദർശന അന്താരാഷ്ട്ര പുസ്തകമേളയുടെ 34-ാം എഡിഷനുള്ള ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. പുതിയ തലമുറയുടെ വായനാശീലം കേവലം അച്ചടിച്ച പുസ്തകങ്ങളിൽ ഒതുങ്ങി നിൽക്കുന്നതല്ല. വിവര സാങ്കേതിക വിദ്യയുടെ വിശാലമായ സാധ്യതകളുടെ സഹായത്താൽ പുസ്തക സഞ്ചയം വിരൽത്തുമ്പിൽ ലഭ്യമാകുന്ന കാലമാണിന്ന്. വായനയുടെ മാധ്യമം മാറിയിട്ടുണ്ടെങ്കിലും വായനാശീലം വളരുകയാണെന്നാണ് എന്റെ വിശ്വാസം. ദർശന സാംസ്കാരിക കേന്ദ്രം, കാലോചിതമായ വായാനാസങ്കേതങ്ങൾ കൂടി ഒരുക്കിക്കൊണ്ട്, യുവ തലമുറയെ വായനയിലേയ്ക്ക് ആകർഷിക്കുവാനുള്ള പുതിയ ചുവടുകൾ വെയ്ക്കുമെന്നെനിക്കുറപ്പുണ്ട്.

ദർശന അന്താരാഷ്ട്ര പുസ്തകമേളയുടെ 34-ാമത് എഡിഷന് എല്ലാ ഭാവുകങ്ങളും നേരുന്നു; ഇതോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ദർശനവാണിയുടെ പുസ്തകമേള ലക്കത്തിന് എല്ലാ ആശംസകളും.

6/11/17

(ബാബു സെബാസ്റ്റ്യൻ)



**Dr. SONA P.R.** M.A. M.Phil. Ph.D
CHAIRPERSON
KOTTAYAM MUNICIPALITY

KOTTAYAM MUNICIPALITY

Puthenparambil (H)
S.H. Mount P.O.
Kottayam
Ph:(Off) : 0481 - 2567736
Mob : 9567245369
E-mail : ktmmunicipality@gmail.com

Date 13.11.17

## ആശംസ

കോട്ടയത്തിന്റെ സാംസ്ക്കരിക സ്ഥാപനമായ ദർശനയുടെ എല്ലാ പ്രവർത്തനങ്ങളും അഭിമാനത്തോടെ നോക്കിക്കാണുന്നു. ആർദ്രത നഷ്ടപ്പെടുന്ന മനുഷ്യമനസ്സുകളെ സ്നേഹാർദ്രമാക്കാനും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദവീചികളായ് പ്രതിധ്വനിക്കാനും നഷ്ടപ്പെടുന്ന മതേതരത്വത്തിനെതിരെ രണഭേരികൾ മുഴക്കാനും പിന്നിട്ട നാൾവഴികളിലേയ്ക്ക് തിരിഞ്ഞുനോക്കി കാലത്തിന്റെ മുത്തുകൾ പെറുക്കി വർത്തമാനകാല പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനും വായന മനുഷ്യനെ പ്രാപ്തനാക്കുന്നു. ആഖ്യാനത്തിന്റെയും ആഖ്യാതാവിന്റെയും വായനയുടെയും ബഹുസ്വരതയെ പുതിയ തലമുറയ്ക്ക് പകർന്ന്കൊടുത്ത് അവരിൽ അറിവും ആവേശവും നിറയ്ക്കാൻ ദർശന ബുക്ക്ഫെയറിന് സാധ്യമാകുന്നുണ്ട്. സാമൂഹിക രാഷ്ട്രീയ സാഹിത്യ സാംസ്ക്കാരിക തലങ്ങളെ ആസ്വദിക്കാനും വിലയിരുത്തപ്പെടാനുമുള്ള അവസരം ഓരോ സഹൃദയനും ലഭ്യമാക്കുന്ന 34-ാം മത് ദർശന കോട്ടയം അന്താരാഷ്ട്ര പുസ്തക മേളയ്ക്ക് അക്ഷരനഗരിയുടെ എല്ലാവിധ ആശംസകളും നേരുന്നു. ഒപ്പം ദർശന നടത്തുന്ന എല്ലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും ഭാവുകങ്ങൾ ആശംസിക്കുകയും ചെയ്യുന്നു.

എന്ന്,

ഡോ.സോന പി.ആർ.
ചെയർപേഴ്സൺ
കോട്ടയം നഗരസഭ




*Carmelites of Mary Immaculate*

**St. Joseph Province, Kottayam**
CMI Provincial House, Post Box No. 648
Kottayam - 686 001, Kerala, India

Tel: 0481-2566485
Office: 0481-2564787
Mob: 7511178920
Fax: 0481-2580051

email: info@cmiktm.com
provincial@cmiktm.com
web: www.cmiktm.com


## സന്ദേശം

വി. ചാവറപ്പിതാവിനാൽ സ്ഥാപിതമായ സിഎംഐ സഭയുടെ ആഭിമുഖ്യത്തിൽ, കോട്ടയം നഗരത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ അവിസ്മരണീയ ഭാഗമായി, കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളിലധികമായി ദർശന സാംസ്കാരിക കേന്ദ്രം നിലകൊള്ളുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്. നമ്മുടെ നാടിന്റെ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും, മൂല്യച്യുതി വിലയിരുത്തുന്നതിലും, മാനവ സംസ്കാരത്തിന്റെ ഭാഗമായ കലകളെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നതിലും, ദർശനയുടെ നേതൃത്വം അക്ഷരനഗരിക്ക് ഏറെ പ്രചോദനമേകുന്നു. സിഎംഐ സഭയുടെ സാമൂഹിക പ്രതിബന്ധതയുടെ മുഖമായി ദർശന നിലനിൽക്കുന്നു എന്നത് ഏറെ ശ്രദ്ധയാകർഷിക്കുന്ന ഘടകമാണ്. ചാവറപ്പിതാവിന്റെ ദീർഘവീക്ഷണത്തിൽ വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക, ആദ്ധ്യാത്മിക തലങ്ങളിൽ കേരളത്തിനുണ്ടായ അഭൂതപൂർവ്വമായ വളർച്ച ഇന്നും സൂര്യ തേജസ്സോടെ ഉയർത്തി നിർത്തുവാൻ സിഎംഐ സഭയ്ക്ക് കഴിയുന്നത് ഇത്തരം കർമ്മരംഗങ്ങളിലെ സജീവസാന്നിദ്ധ്യത്തിലൂടെയാണ്.

ശങ്കേഴ്സ് അഖിലകേരള പെയിന്റിംഗ്/കാർട്ടൂൺ കോമ്പറ്റീഷൻ, അഖിലകേരള പ്രൊഫഷണൽ നാടകമത്സരം, അന്താരാഷ്ട്ര പുസ്തകമേള, പ്രതിമാസം നടത്തപ്പെടുന്ന വിവിധ സാഹിത്യ-സാംസ്കാരിക സംവാദങ്ങൾ എന്നിവയിലൂടെ പൊതുസമൂഹത്തിന്റെ ചിന്തകളെയും ജീവിത ബന്ധങ്ങളെയും പ്രചോദിപ്പിക്കാനും നന്മയുടെ നാളുകൾ മനുഷ്യമനസ്സിൽ നിറയ്ക്കുവാനും ദർശന സാംസ്കാരിക കേന്ദ്രം എന്നും പ്രതിജ്ഞാബദ്ധമാണെന്നതിൽ നമുക്ക് അഭിമാനിയ്ക്കാം.

നല്ല നല്ല ചിന്തകളും കർമ്മകുശലതയും പ്രതികരണ ശേഷിയുമുള്ള സമൂഹത്തെ വാർത്തെടുക്കുവാൻ ദർശന നടത്തുന്ന ശ്രമങ്ങൾക്ക് നന്മകളും ദൈവാനുഗ്രഹവും നേരുന്നു.....

CMI ST. JOSEPH PROVINCE KOTTAYAM · PROVINCIAL

ഫാ. സെബാസ്റ്റ്യൻ ഇലഞ്ഞിക്കൽ സി.എം.ഐ
പ്രൊവിൻഷ്യൽ
സെന്റ് ജോസഫ് പ്രൊവിൻസ്, കോട്ടയം

നവംബർ 10, 2017

# സന്ദേശം



ദർശന ഒരു കാലഘട്ടത്തിന്റെ, സംസ്കാരത്തിന്റെയും നേരിന്റെയും അറിവിന്റെയും തോതാണ്. അരിസ്റ്റോട്ടിൽ പറയുന്നതുപോലെ നമ്മൾ എന്ത് ആവർത്തിച്ചു ചെയ്തുകൊണ്ടിരിക്കുന്നുവോ അത് തന്നെയാണ് നമ്മൾ. ദർശന സാംസ്കാരിക കേന്ദ്രം കഴിഞ്ഞ മുപ്പത്തിനാല് വർഷമായി അനുവർത്തിച്ചുകൊണ്ട് പോരുന്ന ലക്ഷ്യവും ഈ യാഥാർത്ഥ്യമാണ്. രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും വ്യക്തികളുടെയും സർവ്വോത്മുഖമായ വളർച്ച; ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സംസ്കാരോന്നമനത്തിന്റെ കാവൽഭടനായി നിലനിലകൊള്ളുവാൻ ദർശന കാണിക്കുന്ന കർമ്മകുശലത, അത് തലമുറകൾക്കുള്ള വെളിച്ചമായി, ഒരു മിന്നാമിനുങ്ങിന്റെ ഞുറുങ്ങുവെട്ടമായി മനുഷ്യമനസ്സുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു വെന്നതിൽ ദർശന സാംസ്കാരിക കേന്ദ്രത്തിനും ദർശന അക്കാദമിയുമായി ഇഴചേർന്ന് കിടക്കുന്ന എല്ലാവർക്കും അഭിമാനിക്കാം. നമുക്കിവിടെ ജാതിയില്ല, മതമില്ല, വർണ്ണമില്ല, വർഗ്ഗമില്ല എല്ലാത്തിനെയും സമന്വയിപ്പിക്കുന്ന ഒരു സംസ്കാരം; അത് പൈതൃകവും പാരമ്പര്യവും കാത്ത് പരിപോഷിപ്പിച്ച് മുന്നേറുന്നു.

അച്ചടിയെയും, എഴുത്തിനെയും വായനയെയും പ്രോത്സാഹിപ്പിക്കാൻ മൂന്നു വ്യാഴവട്ടക്കാലത്തോളമായി നിലകൊള്ളുന്ന ദർശന കോട്ടയം അന്താരാഷ്ട്ര പുസ്തകമേള; വിജ്ഞാനത്തെയും, വിദ്യാഭ്യാസത്തെയും മികവുറ്റതാക്കാൻ ദർശന അക്കാദമി; കലകളെ കുരുന്നു പ്രായത്തിൽതന്നെ ഊട്ടി വളർത്താൻ കലാദർശന; കമ്പ്യൂട്ടർ സാക്ഷരതയ്ക്ക് വേണ്ടി സ്കൂൾ ഓഫ് കമ്പ്യൂട്ടേഴ്സ്; വിദേശ ജോലിയ്ക്കായി ഐ ഇ എൽറ്റി എസ് തുടങ്ങി വിവിധ മേഖലകളിലൂടെ ദർശനയുടെ പ്രവർത്തനം നാടിനുള്ള നന്മയായി നിലകൊള്ളുന്നു. മുപ്പത്തിനാലാമത് അന്തർദേശീയ പുസ്തകമേളയ്ക്ക് നവംബർ 17 മുതൽ 26 വരെ തിരുനക്കരയുടെ പുസ്തകകൂടാരത്തിൽ ദർശന ആതിഥ്യമരുളുമ്പോൾ ലോകപ്രശസ്തരായ എഴുത്തുകാരുടെ അത്യപൂർവ്വമായ പുസ്തകങ്ങളും, സ്വദേശത്തും വിദേശത്തുമുള്ള പ്രസാധകരും, വിതരണക്കാരും വായനയുടെ വസന്തത്തിനായി ഒത്തുചേരുമ്പോൾ അത് ഓൾഡ്ജെനും, ന്യൂജനും തമ്മിലുള്ള ആശയ സംവാദങ്ങൾക്കും, അനുഭവ പങ്കുവെയ്ക്കലിലും വേദിയാകും. "A Readers lives a thousand lives before he dies, said Jojen. The man who never reads lives only once"

-Jojen Reed.

വായിച്ചാൽ വളരും, വായിച്ചില്ലെങ്കിലും വളരും, വായിച്ച് വളർന്നാൽ വിളയും അല്ലെങ്കിൽ വളയും എന്ന് കുഞ്ഞുണ്ണിമാഷ് പറഞ്ഞത് ഓർക്കുന്നു. പുസ്തകങ്ങളെക്കുറിച്ച് പറയുമ്പോൾ ആദ്യം ഓർമ്മ വരിക ബെർത്തോൾസ് ബ്രെഹ് തിന്റെ ഈ വാചകമാണ്. വിശക്കുന്ന മനുഷ്യാ, പുസ്തകം കൈയ്യിലെടുക്കൂ. അതൊരായുധമാണ്– ഒരു പക്ഷെ വാളല്ലെൻ സമരായുധം എന്ന് വയലാറിനെക്കൊണ്ട് എഴുതിച്ചത് പോലും ഇത്തരം ഒരു ചിന്താഗതി തന്നെ ആയിരിക്കും. പക്ഷെ പുസ്തകം ആയുധമാക്കിയവർ എന്ത് നേടി, എന്ത് നേടിയില്ല എന്ന കണക്കെടുപ്പിൽ പലപ്പോഴും തെറ്റിപോയിട്ടുണ്ട്. പ്രായോഗിക ജിവിതത്തിന്റെ കണക്ക് പുസ്തകത്തിൽ പുസ്തകങ്ങളെക്കാളും, വായനയെക്കാളും, മനുഷ്യനെക്കാളും, സംസ്ക്കാരത്തെക്കാളും എല്ലാം വില പണത്തിന് മാത്രമായിക്കഴിഞ്ഞിരിക്കുന്നു.

എഴുതപ്പെട്ട പുസ്തകങ്ങൾ വായിക്കാൻ ആളില്ലാതെ ചില്ലലമാരകളിൽ കുടുങ്ങിക്കിടന്നാൽ! തടവിലാക്കപ്പെട്ട പുസ്തകങ്ങൾ – ഹാ എന്തൊരു കഠിനമായ പ്രയോഗം. പുസ്തകങ്ങൾ തടവിലാക്കപ്പെട്ട ആത്മാക്കളാണെന്ന് പറഞ്ഞത് സാമുവൽ ബട്ലർ ആണ്. അലമാരകളിൽ നിന്ന് പുറത്തെടുത്ത് വായിക്കപ്പെടുമ്പോഴാണ് അവയ്ക്ക് മോചനം സാധ്യമാകുന്നത്.

ദർശന കൊടുക്കുന്നത് ഈ വിരുന്നാണ്. അറിവിന്റെ സംസ്കാരത്തിന്റെ ആത്മീയതയുടെ മുന്നേറ്റം. നമുക്ക് ഒത്തുകൂടാം.

**ഫാ. തോമസ് പുതുശ്ശേരി**
**സി.എം.ഐ**
*ഡയറക്ടർ, ദർശന അക്കാദമി*

# ആമുഖം



**ദ**ർശന സാംസ്കാരിക കേന്ദ്രം എപ്പോഴും പ്രവർത്തന നിരതമാണ്. ജന്മം കൊണ്ടും കർമ്മം കൊണ്ടും കോട്ടയത്തിന്റ സാംസ്കാരിക ചരിത്രത്തിന്റെ പുസ്തകത്തിൽ ഒരദ്ധ്യായമായി മാറുവാൻ ദർശനയ്ക്ക് കഴിയുന്നു എന്നതിൽ ഏറെ സന്തോഷമുണ്ട്. 35 വർഷങ്ങൾ പിന്നിടുമ്പോൾ വളരെയേറെ മഹത്‌വ്യക്തിത്വങ്ങൾ തങ്ങളുടെ അകമണിഞ്ഞ സേവനങ്ങൾ നൽകി പടുത്തുയർത്തിയ മനോഹര സൗധമായി ദർശന നിൽക്കുന്നു. കലാസാംസ്കാരിക രംഗത്ത് അൽപമെങ്കിലും സേവനം ചെയ്യുവാൻ ദർശനയ്ക്ക് കഴിയുന്നത് സുമനസ്സുകളുടെ നിറസാന്നിധ്യം കൊണ്ടാണ്. അത് തന്നെയാണ് ദർശനയുടെ സമ്പത്തും.



കലകൾ ദൈവികമാണ്. മനസ്സിൽ നന്മകൾ നിറച്ച് സമൂഹത്തിന്റെ പുരോഗതി കാംക്ഷിക്കുന്ന വ്യക്തിത്വങ്ങൾക്കാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്. യുവതലമുറയെ ആ വഴിയിലേയ്ക്കാണ് നാം നയിക്കേണ്ടത്. ആധുനികതയുടെ ഊരാക്കുടുക്കിൽപ്പെട്ട് നട്ടം തിരിയുന്നവർക്ക് വെളിച്ചമാകാൻ സാധിക്കണമെങ്കിൽ ഹൃദയത്തിൽ നന്മ വേണം. മാറുന്ന സംസ്കാരവും പുതിയ ചിന്താരീതികളും നമ്മിലെ മനുഷ്യത്വം മായ്ക്കാ അനുവദിക്കക്കരുത്. മാനവികതയെ ഉയർത്തിപ്പിടിക്കാൻ സഹായിക്കുന്നതാവണം. എല്ലാ സനാതന ധർമ്മസംഹിതകളും സംസ്കാരങ്ങളും ഈ ചിന്തകൾ തന്നെയാണ് പകർന്ന് തരുന്നത്.

കലാസാംസ്കാരിക കേന്ദ്രം എന്ന നിലയിൽ ദർശന വൈവിധ്യമാർന്ന പ്രവർത്തനമേഖലകളിലൂടെയാണ് മുന്നേറുക. കാലത്തിനനുസരിച്ചുള്ള തിളക്കങ്ങൾ ഉണ്ടാകുന്നതോടൊപ്പം തന്നെ കേരളീയ സംസ്കാരവും മലയാള തനിമയും നിലനിർത്താൻ ദർശന ശ്രമിക്കുന്നു. പുസ്തകമേളകളും പെയിന്റിംഗ്, നാടകം, ഷോർട്ട് ഫിലിം മത്സരങ്ങളും സംവാദങ്ങളും ചർച്ചകളും ദർശനയുടെ വേദിയെ സജീവമാക്കുന്നു. തുടർന്നും കോട്ടയത്തിന്റെ സാംസ്കാരിക രംഗത്ത് സജീവസാന്നിധ്യമായി സിഎംഐ സഭയുടെ ദർശനസാംസ്കാരിക കേന്ദ്രം നിലകൊള്ളും. എല്ലാവരിലും നന്മ നിറയട്ടെ....

**ഫാ. ജസ്റ്റിൻ കാളിയാനിയിൽ സി.എം.ഐ**
ഡയറക്ടർ

DARSANA
CULTURAL
CENTRE

















# ഉള്ളടക്കം

## ലേഖനങ്ങൾ


സോഷ്യൽ മീഡിയക്കാലത്ത് പുസ്തകോത്സവങ്ങൾ.............................12

വായനക്ക് ഒരാമുഖം................................14

അക്ഷരപ്രേമികളുടെ സുവർണ്ണാവസരം.....................................12

33 – ാമത് അന്താരാഷ്ട്ര പുസ്തകമേള......................18

ശങ്കേഴ്സ് ചിത്രരചനമത്സരം..................24

നാടക മത്സരം......................26

ഫോട്ടോ സെഷൻ..................28





# സോഷ്യൽ മീഡിയക്കാലത്ത് പുസ്തകോത്സവങ്ങൾ



തേക്കിൻകാട് ജോസഫ്

ഇന്റർനെറ്റിന്റെ ആവിർഭാവം അച്ചടിമേഖലയെയും പ്രസാധന ചരിത്രത്തെയും വിഴുങ്ങുന്നത് നമുക്കു മുന്നിൽ യാഥാർത്ഥ്യമായി നിൽക്കുന്നു. പത്രമാധ്യമങ്ങൾക്ക് വെല്ലുവിളി ഉയർത്തിക്കൊണ്ട് ഇലക്ട്രോണിക് മീഡിയ കടന്നുവന്നതുപോലെ പുസ്തകവായനയെ ഇ-റീഡിംഗ് കടന്നാക്രമിച്ചിരിക്കുകയാണ്.

**വാ**യനയുടെ ലോകത്തെ കീഴ്മേൽ മറിച്ചുകൊണ്ടാണ് നവമാധ്യമങ്ങളുടെ കടന്നുവരവ്. എഴുത്തോലകളുടെയും ശിലാലിഖിതങ്ങളുടെയും മീതെ അച്ചടിവിദ്യ കടന്നുവന്നപ്പോൾ അതു വലിയ വിപ്ലവമായി. വിജ്ഞാനം കടലാസിലേക്കു പകർന്നു കിട്ടിയപ്പോൾ ആളുകളുടെ വായന അനായാസമായി. പകർത്തെഴുത്ത് എന്ന പ്രക്രിയക്കു പകരം അച്ചടിച്ച കൃതികൾ യഥേഷ്ടം ലഭിക്കുമെന്നായപ്പോൾ അത് വായനയെ വളർത്തി. ശ്ലോകങ്ങളും പാട്ടുകളും വായ്ത്താരികളും നാടകങ്ങളും കഥകളും വായനസമൂഹത്തിന്റെ മുന്നിലെത്തി. അതോടെ ഒരു വായനാവിപ്ലവം തന്നെ സംഭവിച്ചു. സാഹിത്യം ഒരു ജനകീയ സംസ്കാരമായി മാറിയ ചരിത്രമാണ് നാമിവിടെ കാണുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭകാലം മുതൽ ദിനപത്രങ്ങളും മാസികകളും മറ്റു അനുബന്ധ പ്രസിദ്ധീകരണങ്ങളും അസാധാരണമായ വേഗത്തിൽ വളർന്നു. അങ്ങനെയാണ് വായന ജനകീയമായത്. വായനശീലത്തിന്റെ വളർച്ച സമകാലിക ജീവിതത്തിന്റെ പ്രതിഫലനമായി മാറി. ഇവിടെയാണ് പുസ്തകങ്ങളുടെ പ്രസക്തി നാം കാണുന്നത്.

നവീനമായ ചിന്താധാരകളും ആശയങ്ങളും പഠനങ്ങളും പുസ്തകരൂപത്തിൽ നമുക്കു ലഭ്യമായി. ഒപ്പം, മാനസികോല്ലാസത്തിനുതകുന്ന കഥകളും നോവലുകളും കാവ്യഗ്രന്ഥങ്ങളും. അച്ചടിയുടെ ആധുനികവൽക്കരണം പുസ്തകവായനാസമൂഹത്തെ വല്ലാതെ ആകർഷിച്ചു. പുസ്തകങ്ങൾ വാങ്ങാനും വാങ്ങിയവ സൂക്ഷിച്ചുവെക്കാനുള്ള സംസ്കാരവും രൂപം കൊണ്ടു. നാട്ടിലെമ്പാടും ഗ്രന്ഥശാലകളും വായനാശാലകളും ഉടലെടുത്തതോടെ അതൊരു വായനാവിപ്ലവത്തിന്റെ തുടക്കമായി.

ഇന്റർനെറ്റിന്റെ ആവിർഭാവം അച്ചടിമേഖലയെയും പ്രസാധന ചരിത്രത്തെയും വിഴുങ്ങുന്നത് നമുക്കു മുന്നിൽ യാഥാർത്ഥ്യമായി നിൽക്കുന്നു. പത്രമാധ്യമങ്ങൾക്ക് വെല്ലുവിളി ഉയർത്തിക്കൊണ്ട് ഇലക്ട്രോണിക് മീഡിയ കടന്നുവന്നതു പോലെ പുസ്തകവായനയെ ഇ-റീഡിംഗ് കടന്നാക്രമിച്ചിരിക്കുകയാണ്.

അച്ചടി, ടെലിഫോൺ, ടെലക്സ്, ഫോട്ടോഗ്രഫി, സിനിമ, റേഡിയോ, ടെലിവിഷൻ തുടങ്ങിയവയ്ക്കൊന്നും അവയുടെ പ്രാരംഭകാലത്തുണ്ടാവുന്ന വിനിമയവേഗം ഇന്റർനെറ്റിന് സ്വായത്തമാക്കാൻ കഴിഞ്ഞുവെന്നു മാത്രമല്ല മേലുദ്ധരിച്ച രൂപങ്ങളെ മുഴുവൻ ഒറ്റപ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും ഇന്റർനെറ്റിന് കഴിഞ്ഞു.

വായനയിൽ വിമുഖത കാട്ടുന്ന യുവതലമുറയെ പുസ്തകത്തിലേക്കും പുസ്തകവായനയിലേക്കും കൊണ്ടുവരാനാണ് ദർശന സാംസ്കാരിക കേന്ദ്രം 33 വർഷങ്ങൾക്കു മുമ്പേ ദീർഘദർശനദൃഷ്ടിയോടെ ദർശന കോട്ടയം രാജ്യാന്തര പുസ്തകമേള സമാരംഭിച്ചത്. ദർശന സാംസ്കാരിക കേന്ദ്രത്തിന്റെ സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് വലിയത്താഴത്ത് സി.എം.ഐ, ഡി.സി. കിഴക്കേമുറി, കുന്നുപ്പറമ്പിൽ പുന്നൂസ്, സി.ജി. വാസുദേവൻ നായർ, ഡോ. മാത്യു പാറക്കൽ, തേക്കിൻകാട് ജോസഫ്, ഡോ. പോൾ മണലിൽ, പ്രൊഫ. മാടവന ബാലകൃഷ്ണപ്പിള്ള, ജേക്കബ് പണിക്കർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കോട്ടയത്തെ സാംസ്കാരിക, രാഷ്ട്രീയ നേതൃത്വങ്ങൾ പരസ്പരം കൈകോർത്താണ് ദർശന പുസ്തകോത്സവം സാക്ഷാത്കരിച്ചത്. തുടക്കത്തിൽ ദർശന അങ്കണത്തിൽ എളിയ തോതിൽ സമാരംഭം കുറിച്ച പുസ്തകമേള ഇന്ന് നൂറിലധികം സ്റ്റാളുകളിലായി നാനൂറിലധികം ദേശീയ അന്തർദേശീയ പ്രസാധകരുടെ പത്തു ലക്ഷത്തിലധികം പുസ്തകങ്ങൾ പ്രദർശിപ്പിക്കു

ന്ന കേരളത്തിലെ ഏറ്റവും മുന്തിയ പുസ്തകമേളയായി രൂപാന്തരം കൊണ്ടു.

മൂന്നാംവർഷം മുതൽ മഹാത്മ ഗാന്ധി സർവ്വകലാശാല, കോട്ടയം ജില്ല, മുനിസിപ്പൽ ഭരണകൂടങ്ങൾ എന്നിവയും പുസ്തകമേളയോട് സർവാത്മന സഹകരിച്ചു തുടങ്ങി. യു. ആർ. അനന്തമൂർത്തി, ഡോ. എ. ടി. ദേവസ്യ, ഡോ. സിറിയക് തോമസ്, പ്രൊഫ. എ. വി. ജോർജ്ജ്, ഡോ. രാജൻ ഗുരുക്കൾ, പ്രൊഫ. പി. എൻ. രാജശേഖരൻ പിള്ള, ഡോ. ബാബു സെബാസ്റ്റ്യൻ തുടങ്ങിയ എം. ജി. സർവ്വകലാശാല വൈസ് ചാൻസിലർമാരുടെ നിർലോഭമായ സഹകരണം മേളക്ക് കൊഴുപ്പേകി. അതാത് കാലത്തെ മുൻസിപ്പൽ ചെയർമാൻമാരും കൗൺസിലർമാരും ജില്ലാ കളക്ടർമാരും എല്ലാവിധ സഹായസഹകരണവും നൽകി മേളയെ വിജയസോപാന നടയിലെത്തിച്ചു.

മേളയുടെ ഭാഗമായി അന്തർദേശീയ സാഹിത്യകാരന്മാർ പങ്കെടുക്കുന്ന സെമിനാറുകൾ, സാഹിത്യകാരന്മാരുടെ സംഗമം, പ്രസാധകരുടെ കൂട്ടായ്മ, വിദേശ എംബസികളുടെ പങ്കാളിത്തം, പ്രമുഖ എഴുത്തുകാരുടെ കൂടെയുള്ള മുഖാമുഖം, അതതുകാലത്ത് കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന മന്ത്രിമാരുടെ സാന്നിദ്ധ്യം എന്നിവയും പുസ്തകമേളയെ അന്തർദേശീയ തലത്തിലേക്കുയർത്തി.

തകഴി, മാധവിക്കുട്ടി, ഒ. വി. വിജയൻ, ഡോ. സുകുമാർ അഴീക്കോട്, പ്രൊഫ. എം. കെ. സാനു, പ്രൊഫ. എം കൃഷ്ണൻ നായർ, സുഗതകുമാരി, ഡോ. ജോർജ്ജ് ഓണക്കൂർ, വൈശാഖൻ, എം ലീലാവതി, പെരുമ്പടവം ശ്രീധരൻ, സേതു, കാക്കനാടൻ, എം. മുകുന്ദൻ, സാറാ ജോസഫ്, ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങിയ നോവൽ, കഥ, കവിത, നിരൂപണം എന്നീ രംഗത്തെ അതിപ്രശസ്തരായ സാഹിത്യകാരന്മാരും മനോരമ മുൻ ചീഫ് എഡിറ്റർ കെ. എം. മാത്യു, മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എംപി വീരേന്ദ്രകുമാർ തുടങ്ങി പത്രാധിപന്മാരിലെ കുലപതികളും പുസ്തകമേളയെ തങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹിച്ചിട്ടുണ്ട്.

അക്ഷരനഗരിയുടെ സാംസ്കാരിക ചരിത്രത്തിലെ മുഖ്യ അടയാളപ്പെടുത്തലായി ദർശന രാജ്യാന്തര പുസ്തകമേള മാറുന്ന കാഴ്ച പതിനായിരക്കണക്കിനു വരുന്ന പുസ്തകപ്രേമികളും മലയാളത്തിലെ പ്രശസ്തരായ സാഹിത്യനായകന്മാരും എക്കാലവും അവരുടെ സ്മരണയിൽ ഹരിതാഭമായി സൂക്ഷിക്കും. ചരിത്രത്തിന്റെ സുവർണ ഏടുകൾക്കായി കാലം കാത്തുവെക്കുന്ന സുവർണ നിമിഷങ്ങൾ. □



# വായനക്ക് ഒരാമുഖം



യുവതലമുറ ജീവിതയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ വളരുന്നതു കൊണ്ടും പരീക്ഷകൾ പാസ്സാകാൻ മാത്രം പഠിക്കുന്നതു കൊണ്ടും എന്തെല്ലാം പ്രശ്നങ്ങളാണ് ജീവിതത്തിൽ ഉണ്ടാകുന്നത് ? ജീവിതത്തെ മനസ്സിലാക്കാൻ എന്താണ് മാർഗം ? സ്കൂളിലെ പരീക്ഷകളെ മാത്രമല്ല ജീവിതത്തിലെ പരീക്ഷകളെയും നേരിടാൻ വിദ്യാർത്ഥികൾക്ക് എങ്ങനെ കഴിയും ? അതിനു ഒറ്റ വാക്കിൽ പറയാവുന്ന ഉത്തരം വായന.

ഡോ. പോൾ മണലിൽ

**അ**ടുത്ത കാലത്തു ന്യൂഡൽഹിയിലെ ഒരു സ്കൂളിൽ രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയെ കഴുത്തറത്തു കൊലപ്പെടുത്തിയ വാർത്ത മാധ്യമങ്ങളിൽ വരികയുണ്ടായി. അതേ സ്കൂളിൽ പതിനൊന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയാണ് ഈ ക്രൂരകൃത്യം ചെയ്തതെന്നും വാർത്തകളിൽ ഉണ്ടായിരുന്നു! കൊലപാതകത്തിനു കാരണമായി പോലീസ് കണ്ടെത്തിയ കാര്യം കേട്ടാൽ വീടുകളിൽ ഇരിക്കുന്ന എല്ലാ മാതാപിതാക്കളും ഞെട്ടിപ്പോകും. തന്റെ സ്കൂളിലെ പരീക്ഷയുടെ തീയതി മാറ്റിവെക്കാൻ വേണ്ടിയാണത്രേ ആ പ്ലസ് വൺ വിദ്യാർത്ഥി രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ഒരും വെറും നിരപരാധിയെ കൊന്നത് . എന്തൊരു ക്രൂരത! നമ്മുടെ സ്കൂളുകളിൽ ഇത്തരം എത്രയോ ക്രൂരന്മാർ വളർന്നു വരുന്നുണ്ട് എന്നുള്ള കാര്യം ഇത്തരത്തിൽ ഓർക്കേണ്ടതുണ്ട്. സ്കൂളിലെ ഒരു സാധാരണ പരീക്ഷയെ പോലും അതിജീവിക്കാൻ നമ്മുടെ വിദ്യാർത്ഥികൾക്ക് എന്തേ സാധിക്കുന്നില്ല ? ജീവിതത്തിലെ ചെറുതും വലുതുമായ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും വെല്ലുവിളികളെയും നേരിടാൻ യുവതലമുറക്കു പര്യാപ്തമായ ഒരു വിദ്യാഭാസരീതിയാണോ നമുക്കുള്ളത് ?

യുവതലമുറ ജീവിതയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ വളരുന്നതു കൊണ്ടും പരീക്ഷകൾ പാസ്സാകാൻ മാത്രം പഠിക്കുന്നതു കൊണ്ടും എന്തെല്ലാം പ്രശ്നങ്ങളാണ് ജീവിതത്തിൽ ഉണ്ടാകുന്നത് ? ജീവിതത്തെ മനസ്സിലാക്കാൻ എന്താണ് മാർഗം ? സ്കൂളിലെ പരീക്ഷകളെ മാത്രമല്ല ജീവിതത്തിലെ പരീക്ഷകളെയും നേരിടാൻ വിദ്യാർത്ഥികൾക്കു എങ്ങനെ കഴിയും ? അതിനു ഒറ്റ വാക്കിൽ പറയാവുന്ന ഒരു ഉത്തരം മാത്രമേ ഉള്ളൂ-വായന.

വായന മാത്രമാണ് ഒരു വിദ്യാർത്ഥിയെ ഉത്തമ വിദ്യാർത്ഥിയാക്കി മാറ്റുന്നത്. ഒരു വ്യക്തിയെ ഉത്തമ മനുഷ്യനാക്കി രൂപാന്തരപ്പെടുത്തന്നതും വായന തന്നെ. തന്റെ വിദ്യാരത്ഥിജീവിതം കഴിഞ്ഞു പൊതുജീവിതത്തിലേക്കു കടന്നപ്പോൾ അച്ഛൻ സമ്പാദ്യമായി കൈമാറിയ ഗ്രന്ഥങ്ങൾ മാത്രമാണ് തന്റെ കർമ്മജീവിതത്തെ രൂപപ്പെടുത്താൻ തുണയായി വർത്തിച്ചതെന്നു സുകുമാർ അഴീക്കോട് എഴുതിയിട്ടുണ്ട്. വായിച്ചു വളർന്നുവെന്നാണ് അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റിയുള്ള വ്യാഖാനം.

വായിച്ചാൽ മാത്രമേ മനുഷ്യൻ വളരുകയുള്ളൂ. വായിച്ചില്ലെങ്കിൽ വളഞ്ഞുപോകുമെന്ന് കുഞ്ഞുണ്ണിമാഷ് പറഞ്ഞിട്ടുണ്ട്. ജോൺ റസ്കിൻ എഴുതിയ അൺ ടു ദിസ് ലാസ്റ്റ് എന്ന പുസ്തകമാണ് തന്റെ ജീവിതത്തെ വളർത്തിയതെന്ന് ഗാന്ധിജി തന്റെ ആത്മകഥയിൽ വ്യക്തമാക്കിയിട്ടുണ്ട്. വായിച്ചില്ലായിരുന്നുവെങ്കിൽ തനിക്കു ജീവിതത്തിൽ ഒരിക്കലും നന്മ ചെയ്യുവാൻ സാധിക്കുമില്ലായിരുന്നുവെന്ന് ഗാന്ധിജി സൂചിപ്പിച്ചിരുന്നു. ഈ പുസ്തകത്തിനെപ്പറ്റി ഗാന്ധിജി തന്റെ ആത്മകഥയിൽ ഒരു അദ്ധ്യായം തന്നെ എഴുതിയിട്ടുണ്ട്, ഒരു പുസ്തകത്തിന്റെ മാന്ത്രികസ്പർശം എന്ന പേരിൽ. ഈ പുസ്തകം ഗാന്ധിജിയെ എങ്ങനെയാണ് വളർത്തിയത് ? വ്യക്തിയുടെ നന്മ എല്ലാ മനുഷ്യരുടെയും വളർച്ചക്കു വേണ്ടി ഉപയോഗിക്കാനുള്ളതാണ് എന്ന പാഠമാണ് ഗാന്ധിജി ഈ പുസ്തകത്തിൽ നിന്നു പഠിച്ചത്. സ്കൂളിൽ പഠിച്ച പാഠപുസ്തകങ്ങൾ മാത്രം വായിച്ചിട്ടുള്ള ഗാന്ധിജിക്ക് തന്റെ ജീവിതത്തെ പുനപരിശോധിക്കാൻ ഈ പുസ്തകം പ്രചോദനമായി. ദക്ഷിണാഫ്രിക്കയിലെ അഭിഭാഷകവൃത്തി വെടിഞ്ഞ് ഇന്ത്യയിൽ വന്നു. സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി പങ്കെടുത്തതും തന്റെ ജീവിതം രാഷ്ട്രത്തിനായി നീക്കിവെച്ചതും അദ്ദേഹം ജോൺ റസ്കിന്റെ അൺ ടു ദിസ് ലാസ്റ്റ് വായിച്ചതുകൊണ്ടാണ്. നമ്മുടെ രാ

ഷ്ട്രപതിയായിരുന്ന എ.പി.ജെ അബ്ദുൾ കലാമിന്റെ ആത്മകഥയായ അഗ്നിച്ചിറകുകൾ ഒരു സുപ്രധാന ആശയം അവതരിപ്പിക്കുന്നുണ്ട്. ഓരോ മനുഷ്യനിലും അന്തർലീനമായിരിക്കുന്ന ദിവ്യാഗ്നിയെപ്പറ്റിയാണ് അദ്ദേഹം പറയുന്നത്. ഒരു വിദ്യാർത്ഥിക്ക് പരീക്ഷയിൽ മാത്രമല്ല, ജീവിതത്തിലും വിജയിക്കണമെങ്കിൽ തന്റെ ഉള്ളിലുള്ള ദിവ്യാഗ്നിയെ തിരിച്ചറിയേണ്ടതുണ്ട്. ഉത്തമമനുഷ്യനായി സമൂഹത്തിൽ ജീവിക്കാൻ നമ്മുടെ ഉള്ളിലുള്ള ആ ദിവ്യാഗ്നിയെ ജ്വലിപ്പിക്കണം. അത് എങ്ങനെ സാധിക്കും ? വായന കൊണ്ടു മാത്രം കഴിയുന്ന ഒരു കാര്യമാണിത്.

ലോകചരിത്രസംഗ്രഹം എഴുതിയ എച്ച്. ജി. വെൽസ്, അതിന്റെയൊടുവിൽ യുവാക്കളെപ്പറ്റി പറയുന്നുണ്ട്. ആ പുസ്തകം യുവാക്കൾക്ക് സമർപ്പിച്ചുകൊണ്ട് എച്ച്. ജി. വെൽസ് പറയുന്നത്, യുവാക്കളാണ് ആശയം എന്നാണ്. നാളെ ഒരു ലോകം ഉയരണമെങ്കിൽ ഇന്നത്തെ യുവാക്കൾ ആശയം ആർജ്ജിക്കണം. ഇന്നത്തെ യുവാക്കൾക്ക് ആശയം ഉണ്ടെങ്കിൽ മാത്രമേ നാളെ അവർക്കൊരു ലോകം കെട്ടിപ്പടുക്കാൻ കഴിയൂ. വായനയിലൂടെ മാത്രമേ യുവാക്കൾക്ക് ആശയം സമാഹരിക്കാൻ കഴിയൂ. ആശയം ഇല്ലാത്ത ജനത പൈതൃകം നഷ്ടപ്പെട്ടവരെപ്പോലെയാണ്. സമൂഹത്തിന്റെ വളർച്ചക്ക് ആശയം വേണമെന്നും അതിനു തനിക്ക് യുവാക്കളിൽ ആണ് പ്രതീക്ഷയെന്നും എച്ച്. ജി. വെൽസ് പറയുന്നത് അതുകൊണ്ടാണ്.

മനുഷ്യന്റെ നന്മ തിരിച്ചറിയാനുള്ള അവസരം വായന ഒരുക്കുന്നുവെന്ന് ഒരു സങ്കീർത്തനം പോലെ എന്ന നോവലിന്റെ ആമുഖത്തിൽ പെരുമ്പടവം ശ്രീധരൻ എഴുതിയിരിക്കുന്നു. ദസ്തയേവെസ്കിയുടെ ഓരോ കൃതിയും വായിക്കുമ്പോൾ താൻ ദേവാലയത്തിലേക്ക് തീർത്ഥയാത്ര നടത്തുന്ന അനുഭവമാണ് സമ്മാനിച്ചിട്ടുള്ളതെന്ന് അദ്ദേഹം എഴുതി. പുസ്തകം സമ്മാനിക്കുന്ന അനുഭവത്തെപ്പറ്റി പറയാൻ ഇനിയും ഏറെയുണ്ട്. പൊൻകുന്നം വർക്കിയുടെ ശബ്ദിക്കുന്ന കലപ്പ വായിക്കുമ്പോൾ കരയാത്തവരുണ്ടോ ? ബഷീറിന്റെ തേന്മാവ് വായിക്കുമ്പോൾ ആരാണ് കണ്ണീർ വാർക്കാത്തത് ? തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്ന കഥയിലെ ആ നായയുടെ കരച്ചിൽ നമ്മെ വേദനിപ്പിക്കാറില്ലേ ? മുട്ടത്ത് വർക്കിയുടെ ഒരു കുടയും കുഞ്ഞുപെങ്ങളും വായിച്ചു കഴിയുമ്പോൾ ഈറനണിയാത്തവരുണ്ടോ ? ഓരോ കൃതിയും ഓരോ ജീവിതമാണ് നമ്മെ പഠിപ്പിക്കുന്നത്. പുസ്തകവായന ജീവിതത്തെ തിരിച്ചറിയാനുള്ള ഒരു തീർത്ഥയാത്ര തന്നെയാണ്. നമ്മുടെ കുട്ടികൾ പാഠപുസ്തകം മാത്രം വായിച്ചാൽ പരീക്ഷയിൽ ജയിച്ചേക്കാം; ജീവിതത്തിൽ അവർക്ക് വിജയിക്കണമെങ്കിൽ നല്ല പുസ്തകങ്ങൾ വായിക്കണം.



# അക്ഷരപ്രേമികളുടെ സുവർണ്ണാവസരം



സി. ജി. വാസുദേവൻ നായർ
സെക്രട്ടറി, കോട്ടയം പബ്ലിക് ലൈബ്രറി

അന്താരാഷ്ട്ര തലങ്ങളിൽ വൈജ്ഞാനിക മേഖലയെ പുഷ്ടിപ്പെടുത്തുന്ന ഒട്ടേറെ അറിവുകളും കണ്ടുപിടുത്തങ്ങളും അക്ഷരനഗരിക്കും കോട്ടയം ജില്ലയ്ക്കും ലഭിക്കത്തവിധം ഈ മേള യുടെ സംവിധാനം ഓരോ വർഷവും അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുന്നു.

ദർശന സാംസ്ക്കാരിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 17ന് ആരംഭിക്കുന്ന 34-ാം അന്താരാഷ്ട്ര പുസ്കമേള അക്ഷരനഗരിക്കും സാക്ഷരകേരളത്തിനും വിജ്ഞാനവർദ്ധനവിനുള്ള ഒരവസരം കൂടി നൽകുകയാണ്. 34 വർഷം മുൻപ് ദർശന ഡയറക്ടർ വലിയതാഴത്തച്ചന്റെ നേതൃത്വത്തിൽ തുടങ്ങിയ എളിയ സംരംഭം ഒരു വൻമേളയായി വളർന്ന് കോട്ടയത്ത് വർഷം തോറും നടത്തിവരികയാണ്. അന്താരാഷ്ട്ര തലങ്ങളിൽ വൈജ്ഞാനിക മേഖലയെ പുഷ്ടിപ്പെടുത്തുന്ന ഒട്ടേറെ അറിവുകളും കണ്ടുപിടുത്തങ്ങളും അക്ഷരനഗരിക്കും കോട്ടയം ജില്ലയ്ക്കും ലഭിക്കത്തവിധം ഈ മേളയുടെ സംവിധാനം ഓരോ വർഷവും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ജില്ലയിലെ വിദ്യാലയങ്ങൾക്കും കലാലയങ്ങൾക്കും ഗ്രന്ഥശാലകൾക്കും വൈജ്ഞാനികരംഗത്ത് അവരുടെ പ്രവർത്തനത്തിന് കൂടുതൽ മികവ് നൽകുന്നതിനുള്ള അവസരമാണ് ഇതുകൊണ്ട് ലഭിക്കുന്നത്. കംപ്യൂട്ടറുകളും മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളും അനുദിനം വർദ്ധിച്ചുവരുമ്പോഴും പുസ്തകങ്ങളിൽ നിന്ന് അറിവ് നേരിട്ട് ലഭിക്കാനുള്ള കഴിവ് വർദ്ധിപ്പിച്ചുകൊണ്ട് ഓരോരുത്തരുടെയും വാസനകളെയും വിജ്ഞാനതൃഷ്ണയെയും വിപുലപ്പെടുത്തി പ്രവർത്തനവിജയം നേടിയെടുത്താനുള്ള കഴിവാണ് ഗ്രന്ഥപാരായണത്തിലൂടെ ലഭിക്കുന്നത്.

വിദ്യാലയങ്ങൾക്കും കലാലയങ്ങൾക്കും ഗ്രന്ഥശാലകൾക്കും നല്ല നല്ല പുസ്തകങ്ങൾ അവരുടെ പ്രവർത്തകർ മുഖാന്തിരം നേരിട്ട് കണ്ട് തെരഞ്ഞെടുക്കാനുള്ള അവസരങ്ങൾ പത്തുദിവസത്തേക്ക് അവർക്ക് നൽകുകയാണ്. ഒട്ടേറെ സ്ഥാപനങ്ങൾ ഈ അവസരം പ്രയോജനപ്പെടുത്തുന്നുയെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്.

ഗ്രന്ഥശേഖരണത്തോടൊപ്പം മേള ഓഡിറ്റോറിയത്തിൽ നടക്കുന്ന ചർച്ചകളും സെമിനാറുകളും മറ്റും സ്വന്തം അറിവ് വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കും എന്നുള്ളത് മേളയുടെ മറ്റൊരു നേട്ടമാണ്.

കോട്ടയം അക്ഷരനഗരിയാകുന്നതിന് മുൻപ് തന്നെ ഇവിടെ ആരംഭിച്ച പുസ്തകമേളയ്ക്ക് ദർശന സാംസ്കാരിക കേന്ദ്രം നേതൃത്വം നൽകുന്നുണ്ടെങ്കിലും, ഇവിടുത്തെ ജില്ലാഭരണകൂടം, നഗരസഭ, എം.ജി സർവ്വകലാശാല, സാംസ്ക്കാരിക പ്രബുദ്ധരായ ജനനേതാക്കൾ എന്നിവർ നൽകുന്ന സഹകരണവും പ്രൊത്സാഹനവുമാണ് ഈ മേള ദക്ഷിണേന്ത്യയിലെ പ്രമുകമായ പുസ്തകമേളയായി വളരാൻ ഇടയാക്കിയത് എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

വിദ്യാഭ്യാസ സാംസ്കാരിക വൈജ്ഞാനിക രംഗങ്ങളിലുള്ള കോട്ടയത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും നിദാനമായിട്ടുള്ള ഈ മേള ഉത്തരോത്തരം സംപുഷ്ടമാകട്ടെ എന്നാശംസിക്കുന്നു.



IMPRESS Your ideas
through our great PRESS
DONA COLOUR PRINTERS
Alumparampil Estate, Near Collectorate P.O
Kottayam - 686 002,
Phone : 8138822008, 9447113524, 9747082557
E mail : donapressktm@gmail.com




# 33–ാം അന്താരാഷ്ട്ര പുസ്തകമേള ഒരവലോകനം

അക്ഷര നഗരിയ്ക്ക് മിഴിവേകി 33 –ാമത് ദർശന കോട്ടയം അന്താരാഷ്ട്ര പുസ്തകമേളയ്ക്ക് 2016 നവംബർ 18 വെള്ളി ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് തിരി തെളിഞ്ഞു. Open your book and kindle your mind എന്നതായിരുന്നു ശീർഷകം.

പുസ്തകമേളയുടെ വിളംബര സൈക്കിൾ പ്രയാണം എം. റ്റി. ഹൈസ്കൂളിൽനിന്നും രാവിലെ 10.30 –ന് ആരംഭിക്കുച്ചു. സെന്റ് ജോസഫ്സ്, ലൂർദ്ദ് പബ്ലിക് സൂകൾ, എം. ഡി. ഹൈസ്കൂൾ, എം. ഡി. ഹയർ സെക്കൻഡറി സ്കൂൾ, സെന്റ് ആൻസ് ഗേൾസ് സ്കൂൾ, സെന്റ് ആൻസ് ഹയർ സെക്കൻ ഡറി സ്കൂൾ, ബി. സി. എം. കോളേജ്, ബസേലിയോസ് കോളേജ്, യു.എൻ. മോഡൽ ഹൈസ്കൂൾ, ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ബേക്കർ വിദ്യാപീഠ്, ബേക്കർ ഗേൾസ് സ്കൂൾ, ബേക്കർ ഹയർ സെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകൾ സന്ദർശിച്ച് പുസ്തക മേളയുടെ വിവരങ്ങൾ പങ്കുവച്ചു. ഓരോ സ്കൂളിലും ഏറ്റവും മികച്ച വായനയുള്ള കുട്ടികളെ യാത്രയോടനുബന്ധിച്ച് ആദരിച്ചു..

പുസ്തകമേളയുടെ ഉദ്ഘാടന കർമ്മം പ്രശസ്ത സാഹിത്യ നിരൂപകൻ എം. കെ. സാനു നിർവ്വഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ.എ അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് ഇടയാടിയിൽ സിഎംഐ അനുഗ്രഹപ്രഭാഷണം നടത്തി. മുനിസിപ്പൽ ചെയർപേഴ്സൺ ഡോ. പി.ആർ. സോന ദർശനവാണിയുടെ പ്രകാശനം നിർവഹിച്ചു. ബാലതാരം മീനാക്ഷി കലാസന്ധ്യയുടെ ഉദ്ഘാടനം നിർവഹിച്ചു. ഫാ.തോമസ് പുതുശേരി സിഎംഐ, ഫാ.ജസ്റ്റിൻ കാളിയാനിയിൽ സിഎംഐ. തേക്കിൻകാട് ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

□

# അരുതെന്നു പറയാനുള്ള ചങ്കൂറ്റമാണ് വേണ്ടത്

ഡോ. കെ.എസ്. രാധാകൃഷ്ണൻ

**വേ**ടനോടു മാത്രമല്ല, ചക്രവർത്തിയോടും അരുതെന്ന് ആജ്ഞാപിക്കാനുള്ള ചങ്കൂറ്റമാണ് കവിക്കു കല്പിച്ചിരുന്നതെന്നും പോയ കാലത്തെ ആ ആർദ്രഭാവമാണ് നമുക്ക് ഇന്നു നഷ്ടപ്പെട്ടതെന്നും ഡോ. കെ. എസ്. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. 33-ാമത് ദർശന കോട്ടയം അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ചു നടന്ന സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാം പിടിച്ചടക്കാൻ വെമ്പിയ രാവണനല്ല, സർവവും ത്യജിക്കാൻ സന്നദ്ധനായ രാമനാണ് നമ്മുടെ ആദർശ പുരുഷൻ. ഡോ. പോൾ മണലിൽ അധ്യക്ഷത വഹിച്ചു. ചങ്ങമ്പുഴക്കവിതയുടെയും അപസർപ്പക കഥകളുടെയും കൈ പിടിച്ചാണ് താൻ വായനയുടെ ലോകത്തേക്കു നടന്നടുത്തതെന്നും വിഷമഘട്ടങ്ങളിൽ പുസ്തകങ്ങളാണു രക്ഷനല്കുന്നതെന്നും പ്രശസ്ത ഗാനരചയിതാവ് വയലാർ ശരത്ചന്ദ്ര വർമ്മ തന്റെ മുഖ്യ പ്രഭാഷണത്തിൽ പ്രസ്താവിച്ചു. പ്രൊഫ. തോമസ് കുരുവിള (മലയാള വിഭാഗം, ബസേലിയസ് കോളജ്), പ്രൊഫ. രാജീവ് മേനോൻ (എൻ.എസ്.എസ്. കോളേജ്, വാഴൂർ) തുടങ്ങിയവർ സംസാരിച്ചു. രാവിലെ സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സാഹിത്യ മത്സരങ്ങൾ നടന്നു. ആർ. സംഗീതയുടെ ഒറ്റയ്ക്കൊരാൾ കടൽ വരയ്ക്കുന്നു എന്ന പുസ്തകത്തെ ആധാരമാക്കിയുള്ള ചർച്ചയിൽ സുലോജ് അച്യുതൻ, എം. ആർ. രേണുകുമാർ, ഡോ. വി. അബ്ദുൾ ലത്തീഫ് (മലയാള വിഭാഗം, കാലടി സംസ്കൃത സർവ്വകലാശാല) ജോസി ജോസഫ് (ഇംഗ്ലീഷ് വിഭാഗം, എസ്.ബി. കോളജ്, ചങ്ങനാശ്ശേരി), ഹരിത ആർ ഉണ്ണിത്താൻ (ഇംഗ്ലീഷ് വിഭാഗം, എൻ.എസ്.എസ്. കോളജ്, പന്തളം), വിനീത വിജയൻ (ദേവമാതാ കോളജ്, കുറവിലങ്ങാട്) എന്നിവർ സംസാരിച്ചു. എഴുത്തും വായനയും പരിപാടിയിൽ ഹിമവഴിയിലെ ബുദ്ധസഞ്ചാരങ്ങൾ കെ. ബി. പ്രസന്നകുമാർ, ഡോ. ബിൻസ് എം. മാത്യു (എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി) എന്നിവർ പങ്കെടുത്തു.

## വിശിഷ്ട വ്യക്തികളെ ആദരിച്ചു

**മു**ൻ തലമുറകളുടെ ത്യാഗമാണ് നാടിന്റെ വികസനത്തിന് അടിത്തറയാകുന്നതെന്നും മുതിർന്നവരെയും നാടിനും നാട്ടാർക്കും നന്മ ചെയ്യുന്നവരെ ആദരിക്കുകയും ചെയ്യുന്നവർക്ക് ആയുസും ഐശ്വര്യവും ഉണ്ടാകുമെന്നും മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രസ്താവിച്ചു. 33-ാമത് ദർശന കോട്ടയം അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ചു നടന്ന വജ്ര കേരളം, കേരളത്തിന്റെ 60-ാം പിറന്നാൾ ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ അറുപതാം പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായി കോട്ടയത്തിന് വിശിഷ്ട സംഭാവനകൾ നൽകിയ അറുപതു വിശിഷ്ട വ്യക്തികളെ ആദരിക്കുന്ന ചടങ്ങായിരുന്നു മുഖ്യപരിപാടി. ജോസ് കെ മാണി എം.പി. അധ്യക്ഷത വഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽ എ മുഖ്യ പ്രഭാഷണം നടത്തി. എം.എം. ജേക്കബ്, എം.പി.ഗോവിന്ദൻ നായർ, ഇറഞ്ഞാൽ രാമകൃഷ്ണൻ, ദർശന സാംസ്കാരിക കേന്ദ്രം ഡയറക്ടർ ഫാ. ജസ്റ്റിൻ കാളിയാനിയിൽ സി.എം.ഐ. തുടങ്ങിയവർ സംസാരിച്ചു.

## എഴുത്തും വായനയും

ജി. ആർ. ഇന്ദുഗോപൻ എഴുതിയ കൊല്ലപ്പാട്ടി ദയ എന്ന പുസ്തകത്തെ ആസ്പദമാക്കി ചർച്ച നടന്നു. ബോബി കെ. മാത്യു (അസി. പ്രൊഫസർ സെന്റ് ആന്റണീസ് കോളജ്, പെരുവന്താനം) മോഡറേറ്ററായി. ജോസ് ടി. തോമസിന്റെ ഭാവിവിചാരം എന്ന കൃതിയെക്കുറിച്ചുള്ള ചർച്ച രാജ്യസഭാ വൈസ് ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്തു.

## എഴുത്തുകാരും മാധ്യമസംസ്കാരവും

**വൈ**കുന്നേരം എഴുത്തുകാരും മാധ്യമ സംസ്കാരവും സംവാദം ഡോ. എം. ആർ. ഗോപാലകൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്തു. ഡോ. തോളൂർ ശശിധരൻ അധ്യക്ഷത വഹിക്കും. ഡോ. ജെ. പ്രമീളാദേവി മുഖ്യ പ്രഭാഷണം നടത്തി. പ്രൊഫ. നെടുങ്കുന്നം രഘുദേവ് വിഷയം അവതരിപ്പിച്ചു.ഡോ. ടി. എൻ. പരമേശ്വരകുറുപ്പ്, രാജു പാമ്പാടി, തറയിൽ ബഷീർ, സി. സി. ചമ്പക്കര, ളാക്കാട്ടൂർ പുരുഷോത്തമൻ നായർ, മേമൂറി ശ്രീനിവാസൻ, ബേബി കാണക്കാരി, സഖറിയ കുര്യൻ എന്നിവർ പങ്കെടുത്തു.




## പ്രതിഭകളുടെ അഭാവം നാടകത്തിലും

**ഇ**ലക്ട്രോണിക് മാധ്യമത്തിന്റെ കടന്നുകയറ്റമല്ല നാടകത്തെ ക്ഷീണിപ്പിച്ചതെന്നും സാഹിത്യത്തിന്റെ മൂല്യ ശോഷണവും അർപ്പണബോധത്തിന്റെ അഭാവവും പ്രതിഭാശാലികളുടെ കുറവു മാണ് നാടകരംഗത്തെ തളർത്തിയതെന്നും ചലച്ചിത്ര നടൻ എം. ആർ. ഗോപകുമാർ പറഞ്ഞു. രാഷ് ട്രീയ രംഗത്തും മത ത്തിലുമൊന്നും ഇന്ന് ആചാര്യന്മാരില്ല, നേതാക്കളേയുള്ളു. അവർക്കു നിലനില്പാണ് പ്രശ്നം. കലാരംഗത്തും ഈ പ്രവണതയുടെ സ്വാധീനം ശക്തമായിരിക്കുന്നു. ഉത്തമ വികാരങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് കലകൾ ശ്രദ്ധിക്കേണ്ടത്. ദർശന അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ച് നടന്ന നാടകോത്സവം പുരസ്കാരദാനച്ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നാടകവേദിയിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കലാകാരന്മാർക്കും സാങ്കേതിക പ്രവർത്തകർക്കുമുള്ള അവാർഡുകൾ വിതരണം ചെയ്തു. മുൻ എം.എൽ എ വി. എൻ. വാസവൻ അധ്യക്ഷത വഹിച്ചു. ഡോ. ജെയിംസ് മണിമല മുഖ്യപ്രഭാഷണം നിർവഹിച്ചു. ആർട്ടിസ്റ്റ് അശോകൻ, പി. ആർ. ഹരിലാൽ, കെ. പി. ചന്ദ്രശേഖരൻ നായർ എന്നിവർ സംസാരിച്ചു. രാവിലെ ജോൺ സാമുവലിന്റെ നോവല്ലെകൾ, മോഹൻ ഡി കുറിച്ചിയുടെ മലയാള ലാളന എന്നീ പുസ്തകങ്ങളുടെ പ്രകാശനം നടന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, ഡോ. സിൽവി സേവ്യർ, മണർകാട് മാത്യു, അനിയൻ മാത്യു, സക്കറിയ കുര്യൻ, പ്രൊഫ. ജെയിംസ് ഗുരുദാസ്, എം. ജി. ശശിധരൻ, ശ്രീ. ജി. കൃഷ്ണസ്വാമി എന്നിവർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് വിദ്യാഭ്യാസ കാര്യങ്ങൾക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ

ഉപയോഗങ്ങളെ സംബന്ധിച്ചുള്ള സെമിനാർ നടന്നു. എഴുത്തും വായനയും പരിപാടിയിൽ മധുപാലിന്റെ അവൻ (മാർ)ജാരപുത്രൻ വിശകലനം ചെയ്യപ്പെട്ടു.

## ദർശന ദേശീയ അവാർഡുകൾ

**ദ**ർശന അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ച് നല്കിവരുന്ന ദേശീയ പുസ്തക അവാർഡുകൾ പ്രഖ്യാപിച്ചു. മുദ്രണത്തിലുള്ള



മികവ്, സാമൂഹ്യ പ്രതിബദ്ധത യുള്ള വിഷയം, വിന്യാസത്തിലുള്ള സവിശേഷത, നിർമ്മിതിയിലുള്ള അവധാനത തുടങ്ങിയ മാനദണ്ഡ ങ്ങളുടെ അടിസ്ഥാനത്തിലാണ് പുര സ്കാരങ്ങൾ നല്കുന്നത്. പുസ്തക നിർമ്മിതിയിലെ മികവിനുള്ള പുര സ്കാരം മലയാളം വിഭാഗത്തിൽ മനോരമ ബുക് സിന്റെ 'പൂക്കൾ അലങ്കാരത്തിനും ആദായത്തിനും' എന്ന പുസ്തകത്തിനാണ് ഈ വിഭാ ഗത്തിൽ ഡി.സി ബുക്സ് പ്രസിദ്ധീ കരിച്ച ദലയ്‌ലാമ വിശേഷാൽ പുര സ്കാരം നേടി. .ഇംഗ്ലീഷ് വിഭാഗ ത്തിൽ തിരുവല്ലയിലെ പീസ് പീപ്പിൾ പ്ലാനറ്റ് പ്രസിദ്ധീകരിച്ച ദ ടെന്റ് ഓഫ് പിൽഗ്രിം ഇൻ എക്സൈലിനാണ് സമ്മാനം. മികച്ച കവർ ഡിസൈൻ അവാർഡ് ഡി.സി. ബുക്സിന്റെ കൊല്ലപ്പാട്ടി ദയയ്ക്കാണ്. ഈ വിഭാഗത്തിൽ മാതൃഭൂമി ബുക്സിന്റെ വിജയപാഠ ങ്ങൾ പരാജയത്തിൽനിന്നും എന്ന പുസ്തകവും ലിപി പബ്ളിക്കേ ഷൻസിന്റെ നടനവിസ്മയവും സ്പെഷൽ പുരസ്കാരങ്ങൾ നേടി. ഏറ്റവും മികച്ച ബാലസാഹിത്യ ഗ്രന്ഥത്തിനുള്ള പ്രഥമ പുരസ്കാരം ഇംഗ്ലീഷ് വിഭാഗത്തിൽ ക്രാഫ്റ്റ് കോമിക്സിന്റെ ലിയോ ഗ്രാൻഡ് പാ ആൻഡ് ദ വണ്ടർ ബെഡ് നേടി. രണ്ടാം സമ്മാനം ഡി സി ബുക്സിന്റെ ദ ഗേൾ ഇൻദ മിററിനാ ണ്. മലയാളം വിഭാഗത്തിൽ ലിപി പബ്ളിക്കേഷന്റെ കുഞ്ഞുറുമ്പും മാടപ്രാവും, ഡി.സി ബുക്സിന്റെ നാറാണത്തു ഭ്രാന്തൻ എന്നീ പുസ്തകങ്ങൾക്കാണ് പുരസ്കാര ങ്ങൾ. ഐടി വിഭാഗത്തിൽ ഡി സി ബുക്സിന്റെ മൊബൈലും ജയിലും അവാർഡ് നേടി. മികച്ച പ്രചോദ നാത്മക ഗ്രന്ഥങ്ങൾക്കുള്ള അവാ ർഡ് മാതൃഭൂമിയുടെ ഒന്നിനും തോല്ക്കാതിരിക്കാൻ, മനോരമ യുടെ വിജയത്തിനു വിശ്വജ്ഞാനം എന്നീ പുസ്തകങ്ങൾക്കാണ്. ഇംഗ്ലീഷ് വിഭാഗത്തിൽ വൈറ്റ് ഫാൾക്കന്റെ ദ സ്കേൽസ് ഓഫ് ട്രൂത്ത് വിശേഷാൽ പുരസ്കാരം നേടി. പുരസ്കാര സായാഹ്നത്തിൽ ജസ്റ്റീസ് കെ.ടി. തോമസ് അവാർ ഡുകൾ വിതരണം ചെയ്തു.

## ദർശന ബുക്ക്ഫെയർ അവാർഡുകൾ

ദർശന അന്താരാഷ്ട്ര പുസ്തകമേ ളയോടനുബന്ധിച്ച് ദർശന സാംസ് കാരിക കേന്ദ്രം നല്കിവരുന്ന 33-ാം ബുക്ക്ഫെയർ അവാർഡുകൾ: മികച്ച പവലിയനുള്ള അവാർഡ് ഡി,സി ബുക്സിനും മാതൃഭൂമിക്കും ലഭിച്ചു. മീഡിയ സ്റ്റാളുകളിൽ മല യാള മനോരമയ്ക്ക് ഒന്നാം സ്ഥാനവും മാധ്യമത്തിനു രണ്ടാം സ്ഥാനവും ലഭിച്ചു. ഇന്ത്യൻ എക്സ്പ്രസ്, കേരള കൗമുദി, രാഷ്ട്രദീപിക സ്റ്റാളുകൾക്ക് വിശേ ഷാൽ സമ്മാനങ്ങൾ ലഭിച്ചു. സ്റ്റാൻഡാർഡ് സ്റ്റാൾ വിഭാഗത്തിൽ കാർമൽ ഇന്റർനാഷണൽ പബ്ലീ ഷിംഗ് ഹൗസിന് ഒന്നാം സ്ഥാനം. ജീവൻ ബുക്സിനാണ് തൊട്ടടുത്ത സ്ഥാനം. അവന്തി പബ്ലീഷേഴ്സ്, ലിപി, ചെന്നൈ സാഹിത്യ അക്കാഡമി, ദീപിക ബുക് ഹൗസ്, ഗ്രീൻ

# ഗുരുസാന്നിധ്യമാണ് ആവശ്യം

**സി. രാധാകൃഷ്ണൻ**

ഏതു തരത്തിലുള്ള വിദ്യയും സ്വാംശീകരിക്കാനുള്ള കഴിവ് കുട്ടി കൾക്കുണ്ടെന്നും അതിനു വേണ്ട സാഹചര്യമൊരുക്കാൻ കഴി വുറ്റ നല്ല ഗുരുക്കന്മാരെയാണ് നമുക്ക് ഇന്നാവശ്യമെന്നും പ്രശസ്ത സാഹിത്യകാരൻ സി. രാധാകൃഷ്ണൻ അഭിപ്രായ പ്പെട്ടു. മാതൃഭാഷ പഠിക്കാതെ മറ്റു ഭാഷകൾ പഠിച്ചെടുക്കാൻ കഴിയില്ല. സ്വന്തം വേരുകൾ മറന്ന് ഉയരങ്ങളിലേക്ക് പടർന്നു കയറാൻ സാധിക്കില്ല. ദർശന അന്താരാഷ്ട്ര പുസ്തകമേളയോ ടനുബന്ധിച്ചു നടന്ന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സം സ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീ ധരൻ അധ്യക്ഷത വഹിച്ചു. ഡോ. കുര്യാസ് കുമ്പളക്കുഴി, ഡോ. പോൾ മണലിൽ, മണ്ണടി ഹരി തുടങ്ങിയവർ സംസാരിച്ചു.

രാവിലെ മാധ്യമ സംവാദം ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്തു. പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള അധ്യക്ഷത വഹിച്ചു. അഡ്വ. എ. ജയശങ്കർ വിഷയം അവതരി പ്പിച്ചു. എസ്. മനോജ് (പ്രസ്സ് ക്ലബ് പ്രസിഡന്റ്), സെർജി ആന്റണി, ചെറുകര സണ്ണി ലൂക്കോസ്, ജയകുമാർ, തേക്കിൻകാട് ജോസഫ് തുടങ്ങിയവർ സംസാരിച്ചു. ഉച്ചയ്ക്കുശേഷം ദർശന ഓട്ടോ ജീവ കാരുണ്യ സഹായനിധി വിതരണം ജോഷി ഫിലിപ്പ് നിർവ്വഹി ച്ചു. ഫാ. തോമസ് പുതുശ്ശേരി സി.എം.ഐ അധ്യക്ഷത വഹിച്ചു. ആർ.ടി.ഒ. കെ. പ്രേമാനന്ദൻ മുഖ്യപ്രഭാഷണം നടത്തി. ഡി.വൈ. എസ്.പി. ഗിരീഷ് പി. സാരഥി സഹായനിധി വിതരണം ചെയ്തു. ഫാ. ജസ്റ്റിൻ കാളിയാനിയിൽ സി.എം.ഐ., ശ്രീ. കെ.എസ്. സജി മോൻ, ശ്രീ. അജയ കുമാർ എന്നിവർ സംസാരിച്ചു. എഴുത്തും വായനയും പരിപാടിയിൽ ഇ. കെ. ഷീബയുടെ കനലെഴുത്ത് ചർച്ച ചെയ്യപ്പെട്ടു. ഡോ. കെ. എം. വേണുഗോപാൽ മോഡറേ റ്ററായി.

# വേണം; നല്ല തിരക്കഥകൾ

പ്രേം പ്രകാശ്

**തി**യേറ്റർ വിട്ടിറങ്ങുമ്പോഴേക്കും മനസിൽനിന്നു മായുന്ന കഥയും കഥാപാത്രങ്ങളുമാണ് പുതു സിനിമകളുടെ ശാപമെന്നും കാലത്തെ അതീജീവിക്കുന്ന ചലച്ചിത്രങ്ങൾ ഉണ്ടാകണമെങ്കിൽ നല്ല തിരക്കഥകൾ വേണമെന്നും നടനും സംവിധായകനുമായ പ്രേം പ്രകാശ് അഭിപ്രായപ്പെട്ടു. ദർശന അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ചു നടന്ന ചലച്ചിത്രസംവാദം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രേം പ്രകാശ്, ജോഷി മാത്യു, ജോസ് തോമസ്, ബോബി - സഞ്ജയ്, പ്രൊഫ. ജോസഫ് മാത്യു, പി.ആർ. ഹരിലാൽ, തേക്കിൻകാട് ജോസഫ് എന്നിവർ പങ്കെടുത്തു.

വാർദ്ധക്യം എങ്ങനെ ആസ്വാദകരമാക്കാം എന്ന വിഷയത്തിൽ സീനിയർ സിറ്റിസൺസ് അസോസിയേഷൻ സെമിനാർ മണർകാട് മാത്യു, ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ടി. ഏബ്രഹാം അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ജനറൽ പ്രഫ. ഒ. എ. നൈനാൻ മുഖ്യപ്രഭാഷണം നടത്തി. പി. ഐ. മാണി, എൻ. അരവിന്ദൻ നായർ, സി.ജി. വാസുദേവൻ നായർ, കെ. കെ. ജോസ് തുടങ്ങിയവർ സംസാരിച്ചു. ഉച്ചകഴിഞ്ഞു നേത്രദാനത്തെക്കുറിച്ചുള്ള പരിപാടിയിൽ നേത്രരോഗവിദഗ്ധൻ ഡോ. തോമസ് സഖറിയ അധ്യക്ഷത വഹിച്ചു. ബേബിച്ചൻ ഏർത്തയിൽ ആമുഖ പ്രഭാഷണം നടത്തി. എഴുത്തും വായനയും പരിപാടിയിൽ ലാസർ ഷൈൻ എഴുതിയ കൂ എന്ന പുസ്തകത്തെപ്പറ്റി ചർച്ചയും പ്രൊഫ. മാത്യു പ്രാൽ പുസ്തകത്തെപ്പറ്റി നിരീക്ഷണവും നടത്തി. തുടർന്ന് ഡ്രീം സെറ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾക്കായി സ്മാർട്ട് ടീൻ മത്സരവും നടന്നു.

സി.വി. രാമൻപിള്ളയെപ്പോലെ വിഖ്യാത സാഹിത്യകാരന്മാരുടെ കൃതികൾ വിദേശസാഹിത്യ രചനകളെക്കാൾ മഹത്തരമാണെന്നും ഭാഷയുടെ സാധ്യതകളെപ്പറ്റി പുതുതലമുറയെ ബോധവാന്മാരാക്കേണ്ടത് പുസ്തകങ്ങളിലൂടെയാണെന്നും ജസ്റ്റീസ് കെ.ടി. തോമസ് പ്രസ്താവിച്ചു. അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ചു നടന്ന ദർശന നാഷണൽ പുസ്തക അവാർഡ് ദാനച്ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജി. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. എം.ജി. യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസലർ ഡോ. ഷീനാ ഷുക്കൂർ മുഖ്യ പ്രഭാഷണം നടത്തി. ഫാ. ജസ്റ്റിൻ കാളിയാനിയിൽ സി.എം.ഐ, എ.പി. തോമസ് തുടങ്ങിയവർ സംസാരിച്ചു. പബ്ളിക് റിലേഷനിൽ ദേശീയ പുരസ്കാരം നേടിയ ശ്രീകുമാറിനെ അനുമോദിച്ചു. മികച്ച പുസ്തകങ്ങൾക്കുള്ള പുരസ്കാരങ്ങൾ വിവിധ പ്രസാധകർ ഏറ്റുവാങ്ങി.

രാവിലെ പത്തിന് കാർട്ടൂണിസ്റ്റുകളുടെ സംഗമവും സ്കൂൾ കുട്ടികൾക്കൊപ്പമുള്ള വര മത്സരവും.കാർട്ടൂണിസ്റ്റുകൾ രാജു നായർ, പ്രസന്നൻ ആനിക്കാട്, പീറ്റർ, അനിൽ വേഗ, അമ്പു വാഴൂർ, രമാദേവി, ശ്രീജിത്ത് കുടമാളൂർ തുടങ്ങിയവർ പങ്കെടുത്തു. പുകയില വിരുദ്ധ പ്രചാരണത്തിന് വേണ്ടി തയാറാക്കിയിട്ടുള്ള പുകവണ്ടി എന്ന കാർട്ടൂൺ ഹ്രസ്വചിത്രപ്രദർശനം നടന്നു. ഉച്ചകഴിഞ്ഞ് ജോസഫ് ചാവറ എഴുതിയ വിജയപാഠങ്ങൾ പരാജയത്തിൽ നിന്നും പുസ്തക ചർച്ച സെബാസ്റ്റ്യൻ പോൾ എക്സ് എം.പി ഉദ്ഘാടനം ചെയ്തു. ജോസ് പനച്ചിപ്പുറം അധ്യക്ഷത വഹിച്ചു. സജിൽ ശ്രീധർ, സംവിധായകൻ ജോസ് തോമസ്, ജോർജ്ജ് പൊടിപാറ, സേവ്യർ തോമസ് കൊണ്ടോടി, അഡ്വ. ജോസ് ഫിലിപ്പ്, പ്രദീപ് കുമാർ തുടങ്ങിയവർ പങ്കെടുത്തു. എഴുത്തും വായനയും പരിപാടിയിൽ ഫാ. ഡോ. കെ.എം. ജോർജ്ജ്, ആദം, എസ്. ഹരീഷ് തുടങ്ങിയവർ സംസാരിച്ചു.




ബുക്സ്, എഫക്ടീവ് പബ്ലിക്കേഷൻസ്, കറന്റ് ബുക്സ് എന്നിവർക്കു വിശേഷാൽ പുരസ്കാരങ്ങളുണ്ട്. പ്രീമിയം സ്റ്റാൾ വിഭാഗത്തിൽ ചെന്നൈ ബാലാജി ബുക്സിന് ഒന്നാം സ്ഥാനവും വന്ദേമാതരത്തിന് രണ്ടാം സ്ഥാനവും ലഭിച്ചു. എക്സ്ട്രാ പ്രീമിയം വിഭാഗത്തിൽഎസ്.പി.സി.എസിന് ഒന്നാം സ്ഥാനവും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് രണ്ടാം സ്ഥാനവും ലഭിച്ചു. ഈ വിഭാഗത്തിൽ മൗനം ബുക്സ്, ലേണേഴ്സ് ബുക്ക് ഹൗസ് എന്നിവർ പ്രത്യേക പുരസ്കാരം നേടി. സ്പെഷ്യൽ സ്റ്റാൾ വിഭാഗത്തിൽ റേഡിയോ മംഗളം, ക്രാഫ്റ്റ് കോമിക്സ് എന്നിവർക്ക് പുരസ്കാരം ലഭിച്ചു.

## ചതിക്കാത്ത ചങ്ങാതിയാണ് പുസ്തകം

പഠിക്കുന്ന പുസ്കവുമായി പ്പോലും ഏറെ ബന്ധമില്ലാതിരുന്ന ഒരു ഭൂതകാലമാണ് തനിക്കുള്ളതെന്നും അതിൽ ഇന്ന് വിഷമമുണ്ടെന്നും ചലച്ചിത്രതാരം ജയസൂര്യ അഭിപ്രായപ്പെട്ടു. ചതിക്കാത്ത ചങ്ങാതി പുസ്തകം മാത്രമാണെന്നു തിരിച്ചറിഞ്ഞതോടെ വായന ഹരമായി മാറിയിരിക്കുകയാണെന്നും പ്രചോദനാത്മക ഗ്രന്ഥങ്ങളാണ് തനിക്ക് ഇപ്പോൾ ഏറെ പ്രിയപ്പെട്ടതെന്നും അദ്ദേഹം പറഞ്ഞു. ദർശന അന്താരാഷ്ട്ര പുസ്തകമേള സമാപന സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

## സമാപന സമ്മേളനം

വായന മരിക്കുന്നു എന്ന മുറവിളി കാലങ്ങളായി ഉയരുന്നുണ്ടെങ്കിലും പ്രതിസന്ധികളെ മറികടന്ന് പുസ്തക സംസ്കാരം നിലനില്ക്കുന്നു എന്നത് അഭിമാനകരമാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. തിരുനക്കര മൈതാനത്ത് കഴിഞ്ഞ പത്തു ദിവസമായി നടന്നുവന്ന ദർശന അന്താരാഷ്ട്ര പുസ്തകമേള സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നല്ല പുസ്തകങ്ങൾ ധാരാളമായി പുറത്തുവരുന്നുണ്ടെന്നും പുതിയ തലമുറയെ വായനയുടെ ലോകത്തേക്ക് ആനയിക്കേണ്ടത് മുതിർന്നവരുടെ കടമയാണെന്നും അദ്ദേഹം പറഞ്ഞു. അഡ്വ. മോൻസ് ജോസഫ് എം.എൽ.എ അധ്യക്ഷത വഹിച്ചു. ചലച്ചിത്രതാരം ജയസൂര്യ മുഖ്യാതിഥിയായി. ലതിക സുഭാഷ്, ടോമി കല്ലാനി, ഷാലു മാത്യു, സി.ജി. വാസുദേവൻ നായർ, അഡ്വ. ജോസ് ഫിലിപ്പ്, മാത്യൂ കൊല്ലമലക്കരോട്ട് തുടങ്ങിയവർ സംസാരിച്ചു.നൂറിലേറെ പുസ്തക പ്രസാധക- വിതരണ സ്ഥാപനങ്ങൾ മേളയിൽ പങ്കെടുത്തു. മുപ്പതോളം പുതിയ പുസ്തകങ്ങൾ മേളയിൽ പ്രകാശിതമായി. എല്ലാ ദിവസവും എഴുത്തും വായനയും പരിപാടിയിൽ എഴുത്തുകാർ തങ്ങളുടെ പുസ്തകങ്ങളെ നേരിട്ടു വായനക്കാർക്കു പരിചയപ്പെടുത്തി. ഒരു ലക്ഷത്തിലേറെ പുസ്തക പ്രേമികൾ മേള സന്ദർശിച്ചു.

☐




# ശങ്കേഴ്സ് ചിത്രരചനാ കാർട്ടൂൺ മത്സരങ്ങൾ

